(ഡി) കേരളത്തിൽ ഏറ്റവും അധികം റബ്ബർ ഉൽപ്പാദിപ്പിക്കുന്ന മലപ്പുറം ജില്ലയിൽ കുറഞ്ഞ വിലയ്ക്ക് വീട് നിർമ്മാണ പണിത്തരങ്ങളും ഫർണിച്ചറും സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രസ്തുത സ്ഥാപനം എഫ്. ഐ. ടി. ആലുവയുടെ കീഴിൽ മലപ്പുറം ജില്ലയിലെ വാണിയമ്പലത്ത് വീണ്ടും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചിരുന്നു. എന്നാൽ 80 ലക്ഷം രൂപ റിലീസ് ചെയ്യാൻ ഉത്തരവ് നൽകിയിട്ടില്ല.

(സി) കമ്പനിയുടെ മോശമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതി തൽക്കാലം നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

(ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം ആവശ്യമാണ്.

തീപ്പെട്ടി ഉത്പാദനശാലകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി

9 [2046] ശ്രീ. വി. ഡി. സതീശൻ :

„ ടി. യു. രാധാകൃഷ്ണൻ :

„ ലൂഡി ലൂയിസ് :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തീപ്പെട്ടിക്കൊള്ളി ഉത്പാദനശാലകളുണ്ട് ;

(ബി) ഇവിടെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു ;

(സി) പ്രസ്തുത വ്യവസായശാലകൾ ഇപ്പോൾ പൂട്ടിയിരിക്കുകയാണോ ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്ത് ;

(ഇ) ഇവ തുറന്നു പ്രവർത്തിക്കുവാൻ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-02 സെൻസസ് റെക്കോർഡുകൾ പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 279 തീപ്പെട്ടി വ്യവസായ യൂണിറ്റുകളുണ്ട്.

(ബി) ആകെ 2695 തൊഴിലാളികൾ (പുരുഷൻമാർ-950, സ്ത്രീകൾ-1745) പണിയെടുക്കുന്നു.

(സി), (ഡി), &(ഇ) വിവിധ ജില്ലകളിൽനിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly